(സി) ചില്ലറ വില്പന കേന്ദ്രങ്ങളുടെ വിലന (സ്ഥി) ...

# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1329 — 03.12.15 ൽ – മറുപടിക്ക്

## റേഷൻ കടകളിലെ ക്രമക്കേടുകളും തിരിമറികളും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | റേഷൻ കടകളിലെ ക്രമക്കേടുകളും തിരിമറികളും കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുളളത് എന്ന് വ്യക്തമാക്കുമോ; | (എ) | റേഷൻകടകളിലെ ക്രമക്കേടുകളും തിരിമറികളും കണ്ടെത്തുന്നതിന് റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുളള സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ റേഷൻകടകളിൽ നിരന്തരം പരിശോധന നടത്തുന്നു. റേഷൻ കടകളിലൂടെ പ്രതിമാസം വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ അളവും നിരക്കും പത്രമാധ്യമങ്ങളിലൂടെ കമ്മീഷണറേറ്റിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്നു. കൂടാതെ തന്മാസം ആദ്യം തന്നെ ജില്ലാ സപ്ലൈ ഓഫീസർമാരും ജില്ലയിലെ അതാത് മാസത്തെ വിതരണ ക്രമവും വിലയും മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുന്നു. കൂടാതെ റേഷൻ കടകളിൽ, വില വിവരപ്പട്ടികയും പ്രതിമാസ ലഭ്യതയും ഉപഭോക്താക്കൾ കാണത്തക്കവിധം **stock – cum–price board** എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതികളും നിർദ്ദേശങ്ങളും '1967' എന്ന ടോൾ ഫ്രീ നമ്പരിലോ '1800–425–1550' എന്ന ടോൾ ഫ്രീ നമ്പരിലോ ബന്ധപ്പെട്ട് പരിഹരിക്കാവുന്നതാണ്. ഉത്സവ കാലയളവുകളിൽ വിവിധ തരം സ്ക്വാഡുകൾ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ രൂപീകരിച്ച് റേഷൻ കടകളിലെ ക്രമക്കേടുകളും തിരിമറികളും തടയുന്നതിനായി പരിശോധന നടത്തുന്നു. |
| (ബി) | പരിശോധനയുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ 2015 വർഷത്തിൽ എത്ര കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ; | (ബി) | 2015 സാമ്പത്തിക വർഷത്തിൽ 9752 റേഷൻ കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | റേഷൻ കടകളുടെ സുതാര്യമായ പ്രവർത്തനത്തിന് പൊതുജന പങ്കാളിത്തത്തോടെ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നകാര്യം പരിഗണിക്കുമോ ? | (സി) | താലൂക്ക്/പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ ഇപ്പോൾ നിലവിലുണ്ട്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിൽ വരുമ്പോൾ റേഷൻ കട തലത്തിലുളള വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

Thulasi

*സെക്ഷൻ ഓഫീസർ*